വൈദ്യുതി മുടങ്ങും

- കുമ്പഴ സെക്ഷൻ പരിധിയിൽ അറ്റകുറ്റപണി നടക്കുന്നതിനാൽ ഇടക്കര, മുണ്ടക്കമുരുപ്പ്, മൂർത്തിക്കാവ്, ട്രാൻസ്ഫോർമറിന്റെ പരിധിയിൽ വ്യാഴം രാവിലെ ഒമ്പത് മുതൽ വൈകിട്ട് ആറ് വരെ പൂർണമായോ, ഭാഗികമായോ വൈദ്യുതി മുടങ്ങും.
- കോന്നി തണ്ണിത്തോട് താഴേ പാറക്കുളം കോന്നി വട്ടക്കാവ് ലക്ഷം വീട്, മാംകുളം ട്രാൻസ്ഫോർമർ പരിധിയിൽ വ്യാഴം രാവിലെ ഒമ്പത് മുതൽ വൈകിട്ട് അഞ്ച് വരെ വൈദ്യുതി മുടങ്ങും.
- ഏഴംകുളം ഇലക്ട്രിക്കൽ സെക്ഷനിൽ കുലശ്ശേരി, ഈട്ടിമൂട്, ലൂക്കോസ് മുക്ക്, ഇളം ശൂരനാട് , മങ്കോട്ട് മുരുപ്പ്, പുഷ്പഗിരി വില്ല, പരുത്തിപ്പാറ ട്രാൻസ്ഫോർമറുകളുടെ പരിധിയിൽ വ്യാഴം രാവിലെ ഒമ്പതുമുതൽ വൈകിട്ട് 5.30 വരെ പൂർണമായോ ഭാഗികമായോ വൈദ്യുതി മുടങ്ങും.

തണുങ്ങ് ശേഖരണം തുടങ്ങി

ആറന്മുള

ആറന്മുള പാർത്ഥസാരഥി ക്ഷേത്രത്തിലെ ധനുമാസകമ്പത്തിന് (തണുങ്ങ് പെറുക്ക്) ആവശ്യമായ തണുങ്ങ് ശേഖരണം തുടങ്ങി. കുട്ടികൾ വഞ്ചിപ്പാട്ട് പാടി വീടുകൾ തോറും കയറി വഴിപാടുകൾ സ്വീകരിച്ചു തുടങ്ങി. തണുങ്ങ്പെറുക്ക്, കിഴങ്ങ് നമസ്കാരം എന്നീ ചടങ്ങുകൾക്ക് അവസാനം കുറിച്ച് 13ന് ക്ഷേത്രത്തിന്റെ കിഴക്കേനടയിലെ ആചാരത്തറയിൽ കമ്പത്തിന് തിരികൊളുത്തും. ധനു മാസത്തിൽ ദിവസവും വൈകിട്ട് ആറിന് മൂർത്തിട്ട ശ്രീമഹാഗണപതി ക്ഷേത്രത്തിൽ നിന്നും വഴിപാട് സ്വീകരിക്കാൻ പോകും. തിരുവാറന്മുളയപ്പന്റെ അത്താഴ ശ്രീബലിയോടെ അതത് ദിവസത്തെ വഴിപാട് സ്വീകരിക്കൽ അവസാനിക്കും.

മർദിച്ചെന്ന് പരാതി

അയിരൂർ

പുതുവത്സരാഘോഷം നടക്കുന്നതിനിടെ ഭിന്നശേഷിക്കാരനെ പൊലീസ് അകാരണമായി മർദിച്ചെന്ന് പരാതി. സിപിഐ എം അയിരൂർ നോർത്ത് ലോക്കൽ കമ്മിറ്റി അംഗം വെള്ളിയറ അജിസദനത്തിൽ ആർ അജിത്തിനാണ് മർദനമേറ്റതെന്ന് ജില്ലാ പൊലീസ് മേധാവിക്ക് നൽകിയ പരാതിയിൽ പറയുന്നു. ബുധനാഴ്ച തിരുവല്ല ഡിവൈഎസ്പി അജിത്തിൽ നിന്ന് മൊഴിയെടുത്തു. കോയിപ്രം എസ്എച്ച്ഒയുടെ നേതൃത്വത്തിലാണ് മർദിച്ചതെന്നാണ് പരാതി.

സാക്ഷ്യപത്രം ഹാജരാക്കണം

മലയാലപ്പുഴ

പഞ്ചായത്തിൽ നിന്ന് വിധവ പെൻഷനും 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷനും ലഭിക്കുന്നവർ പുനർ വിവാഹം കഴിച്ചിട്ടില്ലെന്ന സാക്ഷ്യപത്രം 19നകം ഓഫീസിൽ ഹാജരാക്കണം.

നെടുമൺ പുതിയ പാലം നിർമാണം തുടങ്ങി

സ്വന്തം ലേഖകൻ

പെരുനാട്

നെടുമൺകാരുടെ വെള്ളപ്പൊക്കഭീതി ഒഴിയുന്നു. പുതിയ പാലം നിർമാണം തുടങ്ങി. മഴക്കാലം തുടങ്ങുമ്പോൾ തന്നെ വെള്ളത്തിനടിയിലാവുമായിരുന്നു നെടുമൺ പാലം. കക്കാട്ടാറിന്റെ തീരമായതിനാൽ ചെറിയ മഴയിലും വെള്ളം പാലത്തിൽ കയറും.

വെള്ളം ഇറങ്ങാൻ ദിവസങ്ങൾ പിടിക്കും. നെടുമൺകാർക്ക് പെരുനാടിന് പോകാനാവുന്ന ഏകമാർഗമാണ് പാലം. വെള്ളം പൊങ്ങുന്നതോടെ പ്രദേശ വാസികൾക്ക് വലിയ ദുരിതമാകും. എന്നാൽ ഇനി ഉയരം കൂട്ടി നിർമിക്കുന്ന പാലം ആശ്വാസമാകും.

റീ ബിൽഡ് കേരള പദ്ധതിയിൽ ഉൾപ്പെടുത്തി 98 ലക്ഷം രൂപയാണ് പാലത്തിന്റെ നിർമാണ ചെലവ്. രാജു ഏബ്രഹാം എംഎൽഎ ഈ പാലത്തിന്റെ നിർമാണത്തിൽ പങ്ക് വഹിച്ചിട്ടുണ്ട്.

പാലം അനുവദിച്ചശേഷം വാട്ടർ പൈപ്പ് ലൈന് പണം അടയ്ക്കാത്തത് മൂലം ഒരു വർഷക്കാലം പുതിയ നിർമാണം വൈകിയിരുന്നു. ചൊവ്വാഴ്ച പഴയപാലം പൊളിച്ച് പുതിയ പാലത്തിന്റെ നിർമാണം തുടങ്ങി. പുതിയ പാലം വരുന്നതോടെ യാത്രാക്ലേശവും കാലാവർഷ ഭീതിയും പരിഹരിക്കപ്പെടും.

നെടുമണ്ണിൽ പുതിയ പാലത്തിന്റെ നിർമാണം ആരംഭിച്ചപ്പോൾ

ഭിന്നശേഷി കലോത്സവം

ഏഴംകുളം പഞ്ചായത്തിലെ ഭിന്നശേഷി കലോത്സവം പ്രസിഡന്റ് വി എസ് ആശ ഉദ്ഘാടനം ചെയ്യുന്നു

കൊടുമൺ

ഏഴംകുളം പഞ്ചായത്ത് ഭിന്നശേഷി കലോത്സവം പ്രസിഡന്റ് വി എസ് ആശ ഉദ്ഘാടനം ചെയ്തു.

വികസനകാര്യ സ്ഥിരം സമിതി അധ്യക്ഷ ബിനാ ജോർജ് അധ്യക്ഷയായി. സ്ഥിരംസമിതി അധ്യക്ഷരായ രാധാമണി ഹരികുമാർ, അഡ്വ. എ താജുദീൻ ബ്ലോക്ക് പഞ്ചായത്തംഗം ജെസരസ്വതി, പഞ്ചായത്തംഗങ്ങളായ ബാബു ജോൺ, രജിത ജെയ്സൺ, എം മേഴ്സി, ആർ ശോഭ, ലിജി ഷാജി, ബേബിലിന, എസ് ഷാജി, സിഡിപിഒ ഷാല , സി ഡി എസ് ചെയർപേഴ്സൺ രേഖാ ബാബു എന്നിവർ സംസാരിച്ചു.

മത്സരങ്ങൾ 26, 28 തീയതികളിൽ

കോഴഞ്ചേരി

112–ാം അയിരൂർ ചെറുകോൽപ്പുഴ ഹിന്ദുമത പരിഷത്തിനോടനുബന്ധിച്ച മത പാഠശാല, ബാലഗോകുലം കുട്ടികളുടെ അധ്യാത്മിക മത്സരങ്ങൾ 26, 28 തീയതികളിൽ നടക്കും. അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി 10 വൈകിട്ട് അഞ്ചുവരെയാണ്. മത്സരങ്ങൾക്ക് മുന്നോടിയായി നടന്ന ബാലഗോകുലം, മത പാഠശാല, അധ്യാത്മിക പഠന കേന്ദ്രങ്ങളിലെ അധ്യാപകരുടെ യോഗം ഹിന്ദുമത മഹാമണ്ഡലം പ്രസിഡന്റ് പി എസ് നായർ ഉദ്ഘാടനം ചെയ്തു. സെക്രട്ടറി എ ആർ വിക്രമൻ പിള്ള, കൺവീനർ രമ മോഹൻ എന്നിവർ സംസാരിച്ചു.

മില്ലത്ത് ലൈബ്രറിയിൽ നവവത്സരാഘോഷം

പത്തനംതിട്ട

മില്ലത്ത് പബ്ലിക് ലൈബ്രറിയുടെ നവവത്സരാഘോഷം കലക്ടർ എ ഷിബു ഉദ്ഘാടനം ചെയ്തു. ലൈബ്രറി പ്രസിഡന്റ് എ എസ് എം ഹനീഫ അധ്യക്ഷനായി. ഗായിക പാർവ്വതി ജഗീഷ് കലാസന്ധ്യ ഉദ്ഘാടനം ചെയ്തു. കാർട്ടൂണിസ്റ്റ് ഷാജി ഏബ്രഹാം നവവത്സര സന്ദേശം നൽകി. വിദ്യാർഥികൾക്കായി നടത്തിയ 'വരയരങ്ങ്' ചിത്രരചനാ മത്സരം ചിത്രകാരി ഡോ. സബ്ന ഹനീഫ് ഉദ്ഘാടനം ചെയ്തു.

സൗജന്യ നേത്രചികിത്സാ ക്യാമ്പിന്റെ ഉദ്ഘാടനം നഗരസഭ ഉപാധ്യക്ഷ ആമിന ഹൈദരാലി നിർവഹിച്ചു. കൗൺസിലർ എ അഷറഫ്, മത്സ്യബോർഡംഗം സക്കീർ അലങ്കാരത്ത്, ലൈബ്രറി കൗൺസിൽ എക്സിക്യൂട്ടീവ് അംഗം കവി കാശിനാഥൻ, രക്ഷാധികാരി അഹമ്മദ് ഇസ്മയിൽ, ബിജു മുസ്തഫ, അഡ്വ. എ എം ആബിദ് എന്നിവർ സംസാരിച്ചു. ചിത്രരചനാ മത്സര വിജയികൾക്ക് കലക്ടർ സമ്മാനദാനം നടത്തി.

പൂർവവിദ്യാർഥി സംഗമം

പന്തളം

മങ്ങാരം ഗവ. യുപി സ്കൂളിലെ പൂർവവിദ്യാർഥി സംഗമം മുൻ ജില്ലാ പഞ്ചായത്ത് അംഗം എ ഗിരിജാകുമാരി ഉദ്ഘാടനം ചെയ്തു. പൂർവവിദ്യാർഥി ടി എൻ കൃഷ്ണ പിള്ള അധ്യക്ഷനായി. എസ്എംസി ചെയർമാൻ കെ എച്ച് ഷിജു, സ്കൂൾ പ്രഥമാധ്യാപിക ജിജി റാണി, ഇ മുഹമ്മദ് ഷാ, സോളമൻ വരവ് കാലായിൽ, എം ബി ബിനുകുമാർ, ശ്രീജാ ശ്രീധർ എന്നിവർ സംസാരിച്ചു.

പൂർവ്വ വിദ്യാർഥി സംഘടന ഭാരവാഹികളായി എം ബി ബിനുകുമാർ (ചെയർമാൻ) ഇ മുഹമ്മദ് ഷാ, സോളമൻ കാലായിൽ(വൈസ് ചെയർമാൻമാർ) ശ്രീജ ശ്രീധർ(കൺവീനർ)സുധീർ ആശാരിയ്യത്ത്,ഷാൻ മുത്തുണ്ണിയിൽ (ജോയിന്റ് കൺവീനർമാർ) എന്നിവരെ തെരഞ്ഞെടുത്തു.

എൻസിസി ക്യാമ്പ് സമാപിച്ചു

കലഞ്ഞൂർ

ഗവ. ഹയർസെക്കൻഡറി സ്കൂളിലെ എൻസിസി ദശദിന ക്യാമ്പ് സമാപിച്ചു. 550 കേഡറ്റുകൾ പങ്കെടുത്തു. കലാസന്ധ്യയും സമ്മാനദാനവും ബറ്റാലിയൻ കമാൻഡർ കേണൽ ദീപക് നമ്പ്യാർ ഉദ്ഘാടനം ചെയ്തു. സർവീസിൽ നിന്നും വിരമിക്കുന്ന ബറ്റാലിയൻ ഓഫീസ് സുപ്രണ്ട് നാരായണ പിള്ളയെ ആദരിച്ചു. ബറ്റാലിയൻ സുബേദർ മേജർ ആർ രാജേന്ദ്രൻ നായർ, ലെഫ് ശ്രീതു, സുനിഷ്, ലാൽ വർഗീസ്, സുരേഷ് കുമാർ, ഷാജി വർഗീസ് , പ്രിൻസിപ്പാൾ എം സക്കീന, പിടിഎ പ്രസിഡന്റ് മഞ്ജു ബിനു, പ്രതിപ്പട്ടാഴി എന്നിവർ സംസാരിച്ചു.

കർമ്മേൽ കൺവൻഷൻ

കർമ്മേൽ കൺവൻഷന്റെ രണ്ടാം ദിന യോഗം റവ. മാത്യു വർഗീസ് ചുങ്കത്തറ ഉദ്ഘാടനം ചെയ്യുന്നു

കോഴഞ്ചേരി

93–ാം അയിരൂർ കർമ്മേൽ കൺവൻഷന്റെ രണ്ടാം ദിന യോഗം റാന്നി നിലയ്ക്കൽ ഭദ്രാസന സെക്രട്ടറി റവ. മാത്യു വർഗീസ് ചുങ്കത്തറ ഉദ്ഘാടനം ചെയ്തു. സാജു സഖറിയ അധ്യക്ഷനായി. പ്രസിഡന്റ് റവ. ഫിലിപ്പ് ജോർജ്, സെക്രട്ടറി സാംകുട്ടി അയ്യക്കാവിൽ, റവ. തോമസ് ജോർജ്, തങ്കമ്മ ഫിലിപ്പ്, അന്നമ്മ വർഗീസ് എന്നിവർ സംസാരിച്ചു. വ്യാഴം വൈകിട്ട് 6.30ന് മാർത്തോമാ സഭാ സുവിശേഷകൻ പുഷ്പരാജ് ഡബ്ല്യു സി സംസാരിക്കും. റവ. ടി എസ് തോമസ് അധ്യക്ഷനാകും.

തീർഥാടന പദയാത്ര ഇന്ന്

തിരുവല്ല

ഇരവിപേരൂർ പൊയ്കയിൽ മാതാവിന്റെ ദേഹവിയോഗ ഉപവാസധ്യാനയോഗം വ്യാഴാഴ്ച സമാപിക്കും. രാവിലെ ഒമ്പതിന് കുളത്തൂർ മാത സ്മാരക മണ്ഡപത്തിൽ നിന്നും ഇരവിപേരൂർ പിആർഡിഎസ് ആസ്ഥാനത്തേയ്ക്ക് പിആർഡിഎസ് യുവജന സംഘത്തിന്റെ നേതൃത്വത്തിൽ പദയാത്ര നടക്കും.

കലോത്സവ സ്വർണക്കപ്പിന് സ്വീകരണം

തിരുവല്ല

കൊല്ലത്ത് നടക്കുന്ന 62ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിന് മുന്നോടിയായി കോഴിക്കോട് നിന്നും സ്വർണ്ണക്കപ്പ് വഹിച്ചുള്ള ഘോഷയാത്രയ്ക്ക് തിരുവല്ലയിൽ വിവിധ സ്കൂളുകളിൽ സ്വീകരണം നൽകി. മുത്തൂർ, തിരുവല്ല ടൗൺ, തിരുമൂലപുരം, കുറ്റൂർ പ്രദേശങ്ങളിലാണ് സ്വീകരണം നൽകിയത്.

തിരുവല്ല എസ് സി എസ് സ്കൂളിൽ നടന്ന സ്വീകരണ ചടങ്ങിൽ ഡിഇഒ ജേക്കബ് സത്യൻ, ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് മായ അനിൽകുമാർ, തോമസ് കോശി, കൗൺസിലർ, പ്രദീപ് മാമൻ, എഇഒ മിനി കുമാരി എന്നിവർ സംസാരിച്ചു.

ഓമല്ലൂർ ആറ്റരികം റസിഡൻസ് അസോസിയേഷന്റെ ക്രിസ്മസ് പുതുവത്സരാഘോഷം കലക്ടർ എ ഷിബു ഉദ്ഘാടനം ചെയ്യുന്നു

സംസ്ഥാന സ്കൂൾ കലോത്സവ നഗരിയായ കൊല്ലത്തേക്ക് കോഴിക്കോട് നിന്നും സ്വർണ്ണക്കപ്പ് വഹിച്ചുള്ള ഘോഷയാത്രയ്ക്ക് തിരുവല്ല എസ് സി എസ് സ്കൂളിൽ നൽകിയ സ്വീകരണം

മല്ലശ്ശേരി സെന്റ്മേരീസ് ഓർത്തഡോക്സ് പള്ളി ജൂബിലി സമാപനം 6ന് തുടങ്ങും

പത്തനംതിട്ട

മല്ലശ്ശേരി സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി ശതോത്തര രജത ജൂബിലി സമാപനം ആറ് മുതൽ 16 വരെ നടക്കുമെന്ന് ഭാരവാഹികൾ വാർത്താസമ്മേളനത്തിൽ പറഞ്ഞു.

ആറിന് വാഹന വിളംബര റാലിയും ഏഴിന് പെരുന്നാൾ കൊടിയേറ്റും നടക്കും. വൈകിട്ട് ആറിന് ചേരുന്ന കുടുംബ സംഗമം അഹമ്മദാബാദ് ഭദ്രാസനാധിപൻ ഡോ. ഗീവർഗീസ് മാർ തെയോഫിലോസ് മെത്രാപ്പൊലിത്ത ഉദ്ഘാടനം ചെയ്യും. 11 മുതൽ 13 വരെ പെരുന്നാൾ കൺവൻഷൻ, 14ന് വൈകിട്ട് പ്രദക്ഷിണം, 16ന് രാവിലെ കാതോലിക്കാബാവയ്ക്കും മറ്റു മെത്രാപ്പൊലിത്തമാർക്കും സ്വീകരണം, രാവിലെ 10.30 ന് ജൂബിലി സമാപന സമ്മേളനവും ചേരും.

സമാപന സമ്മേളനം കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്യും. ഇടവക ഡയറക്ടറി, ജൂബിലി സുവനീർ എന്നിവ ചടങ്ങിൽ പ്രകാശനം ചെയ്യും. വൈകിട്ട് കലാ സന്ധ്യയും ഉണ്ടാകും.

വികാരി ഫാ. സാം കെ ഡാനിയൽ, സഹ വികാരി ഫാ. ലിജിൻ എബ്രഹാം, ട്രസ്റ്റി വി ജി ജോൺ, ജനറൽ കൺവീനർ റോബിൻ പീറ്റർ, സെക്രട്ടറി പി എസ് രാജു തുടങ്ങിയവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു .

ഹരിതകർമ സേന വർക്കേഴ്സ് യൂണിയൻ കൺവൻഷൻ

ഹരിതകർമ സേന വർക്കേഴ്സ് യൂണിയൻ അടൂർ ഏരിയ കൺവൻഷൻ യൂണിയൻ ജില്ലാ ജോയിന്റ് സെക്രട്ടറി അനിൽ കുമാർ ഉദ്ഘാടനം ചെയ്യുന്നു

അടൂർ

ഹരിത കർമ്മ സേന വർക്കേഴ്സ് യൂണിയൻ അടൂർ ഏരിയ കൺവൻഷൻ യൂണിയൻ ജില്ലാ ജോയിന്റ് സെക്രട്ടറി അനിൽ കുമാർ ഉദ്ഘാടനം ചെയ്തു.

ദിവ്യ റെജി മുഹമ്മദ് അധ്യക്ഷയായി. എ ആർ അജീഷ് കുമാർ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിച്ചു. ഹരിത കർമ്മസേന സംവിധാനം സ്ഥിരപ്പെടുത്തണം, കൃത്യമായ വരുമാനം ലഭ്യമാകത്തക്ക വിധത്തിൽ ഉത്തരവുകൾ ഉണ്ടാകണം, ഹരിത കർമസേനകളുടെ ഇൻഷുറൻസ് പദ്ധതിയിലെ പോരായ്മകൾ പരിഹരിക്കണം തുടങ്ങിയ ആവശ്യങ്ങൾ കൺവെൻഷൻ ഉന്നയിച്ചു. ഭാരവാഹികൾ: ദിവ്യ റെജി മുഹമ്മദ് (പ്രസിഡന്റ്), എ ആർ അജീഷ് കുമാർ (സെക്രട്ടറി).

സൗജന്യ തൊഴിൽ പരിശീലനം തുടങ്ങി

അടൂർ

തെങ്ങമം കൈതയ്ക്കൽ ബ്രദേഴ്സ് ഗ്രന്ഥശാല ആൻഡ് സാംസ്കാരിക കേന്ദ്രം പത്തനംതിട്ട എസ്ബിഐ സ്വയംതൊഴിൽ പരിശീലനകേന്ദ്രവുമായി ചേർന്ന് നടത്തുന്ന ഫാസ്റ്റ് ഫുഡ് സ്റ്റാൾ ഉദ്യമി സൗജന്യ സ്വയം തൊഴിൽ പരിശീലനം ആരംഭിച്ചു. ഫാസ്റ്റ് ഫുഡ്, ബേക്കറി ഉൽപ്പന്നങ്ങൾ, കേക്ക് നിർമാണം എന്നിവയിലാണ് പരിശീലനം നൽകുന്നത്.

18നും 45നുമിടയിൽ പ്രായമുള്ള 35 പേർക്കാണ് പരിശീലനം. പരിശീലനം പൂർത്തിയാക്കുന്നവർക്ക് കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിന്റെ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനൊപ്പം സംരംഭങ്ങൾ തുടങ്ങാനുള്ള വായ്പയടക്കമുള്ള സൗകര്യങ്ങളും ലഭ്യമാക്കും.

പള്ളിക്കൽ പഞ്ചായത്ത് പ്രസിഡന്റ് സുശീലക്കുഞ്ഞമ്മ കുറുപ്പ് പരിപാടി ഉദ്ഘാടനം ചെയ്തു. ബ്രദേഴ്സ് പ്രസിഡന്റ് വി മൽ കൈതയ്ക്കൽ അധ്യക്ഷനായി. എസ് ബി ഐ തൊഴിൽപരിശീലനകേന്ദ്രം ഡയറക്ടർ വിജി സി അയിരൂർ മുഖ്യപ്രഭാഷണം നടത്തി. ബ്രദേഴ്സ് സെക്രട്ടറി പി ജയകുമാർ, ജി എസ് എം ഗ്രന്ഥശാല പ്രസിഡന്റ് ഭാർഗവൻ, ബ്രദേഴ്സ് ഭാരവാഹികളായ ബി കെ ബിജു, വി ബിജു, അധ്യാപിക മിനി മാത്യു, കോഴ്സ് കോ ഓർഡിനേറ്റർ മിനി മാത്യു, ചിന്നു വിജയൻ എന്നിവർ സംസാരിച്ചു.

മന്നം കാരുണ്യനിധി തുടങ്ങി

കോഴഞ്ചേരി

കാഞ്ഞീറ്റുകര 1666 നമ്പർ എൻഎസ്എസ് കരയോഗത്തിൽ മന്നം ജയന്തിയോടനുബന്ധിച്ച് മന്നം കാരുണ്യ നിധി പ്രവർത്തനം തുടങ്ങി. പുല്ലുവിഴ നന്ദനത്തിൽ നന്ദിനി മേലേമണ്ണിൽ, കെ സനൽകുമാർ, കുളങ്ങരമോഹൻകുമാർ എന്നിവരിൽനിന്നും കാരുണ്യനിധിയുടെ ആദ്യ സംഭാവന കരയോഗം പ്രസിഡന്റ് എം അയ്യപ്പൻകുട്ടി സ്വീകരിച്ചു. ചടങ്ങിൽ സെക്രട്ടറി സനൽകുമാർ, പി ആർ കൃഷ്ണൻകുട്ടി നായർ, അജയകുമാർ, ഗീതാകുമാർ എന്നിവർ പങ്കെടുത്തു.

റെഡ്ക്രോസ് ഭരണസമിതി ചുമതലയേറ്റു

അടൂർ

റെഡ്ക്രോസ് പുതിയ ഭരണസമിതി ചുമതലയേറ്റു. ജില്ലയുടെ പുതിയ അധ്യക്ഷയായി വത്സമ്മ സുകുമാരനേയും വൈസ് ചെയർമാനായി സുനിൽ മാത്യു വള്ളക്കാലിലിനേയും ട്രഷററായി വർഗീസ് മാത്യുവിനെയും തെരഞ്ഞെടുത്തു. ജില്ലാ സെക്രട്ടറി പി കെ ജോസഫ് മേലേക്കുറ്റാണ്. ഡയറക്ടർ ബോർഡ് അംഗങ്ങളായി ഡോ. റോജി പി ഉമ്മൻ, ഡോ. ലക്ഷ്മി ആർ പണിക്കർ, അഡ്വ. വർഗീസ് പി മാത്യു, ഏബൽ മാത്യു, ബ്ലസ്സൻ കുര്യൻ തോമസ്, കെ ഐ ഇടിക്കുള, മുരളീധരൻ ആചാരി എന്നിവരെയും തെരഞ്ഞെടുത്തു.

2018ലെ വെള്ളപ്പൊക്കത്തിൽ വീട് നഷ്ടമായവരുടെ പുനരധിവാസവുമായി ബന്ധപ്പെട്ട് ജില്ലയിൽ നിർമിക്കുന്ന 10 വീടുകളുടെ പ്രവർത്തനം അടിയന്തിരമായി പൂർത്തിയാക്കുമെന്ന് റെഡ് ക്രോസ് സംസ്ഥാന സമിതി അധ്യക്ഷൻ അഡ്വ. കെ രാധാകൃഷ്ണൻ പറഞ്ഞു.

അപേക്ഷ ക്ഷണിച്ചു

കൊടുമൺ

കൊടുമണ്ണിൽ മാതൃകാ സംയോജിത കൃഷി തോട്ടങ്ങൾ സ്ഥാപിക്കാൻ അപേക്ഷ ക്ഷണിച്ചു. നെല്ല്/ തെങ്ങ്/ വാഴ/ പച്ചക്കറി അധിഷ്ഠിത കൃഷി സമ്പ്രദായം പരിപാലിക്കുകയും പശു വളർത്തൽ, കോഴി/ താറാവ്,മത്സ്യ കൃഷി എന്നിവ സംയോജിപ്പിക്കുന്ന ഗുണഭോക്താക്കളുടെ അപേക്ഷ ക്ഷണിക്കുന്നു. കർഷകർ 5ന് മുമ്പ് അപേക്ഷ കൃഷി ഭവനിൽ നൽകണം. അപേക്ഷയോടൊപ്പം ആധാർ കാർഡ് , കരം അടച്ച രസീത്,റേഷൻ കാർഡ് കോപ്പി എന്നിവ വയ്ക്കണം.

വൃക്ക ആവശ്യമുണ്ട്

A അല്ലെങ്കിൽ O ഗ്രൂപ്പിൽപ്പെട്ട വൃക്ക ആവശ്യമുണ്ട്. സന്മനസുള്ളവർ ബന്ധപ്പെടുക

7736030577
6235870481

കേരള സംസ്ഥാന സഹകരണ ബാങ്ക് ക്ലിപ്തം
KERALA BANK
റീജിയണൽ ഓഫീസ്, ആലപ്പുഴ
ആലപ്പുഴ – 688 001 ഫോൺ: 0477 -2251682, 683, 684, ഇ-മെയിൽ: alpro@keralabank.co.in,alprorecovery@keralabank.co.in

വസ്തു ഇ–ലേല വിൽപന പരസ്യം

സെക്യൂരിറ്റൈസേഷൻ & റീകൺസ്ട്രക്ഷൻ ഓഫ് ഫിനാൻഷ്യൽ അസ്സറ്റ്സ് ആന്റ് എൻഫോഴ്സ്മെന്റ് ഓഫ് സെക്യൂരിറ്റി ഇന്റസ്റ്റ് ആക്ട് 2002, റൂൾ 8(6) പ്രകാരം ബാങ്ക് കൈവശപ്പെടുത്തിയ വസ്തുവിന്റെ ഇ-ലേല വിൽപന നോട്ടീസ് (ഓൺലൈൻ മുഖാന്തിരം). താഴെ പട്ടികയിൽ പറയുന്ന വസ്തുവകകൾ SARFAESI Act 2002 പ്രകാരം ബാങ്കിന്റെ അധികാരപ്പെട്ട ഉദ്യോഗസ്ഥൻ കൈവശപ്പെടുത്തിയതാകുന്നു. സ്ഥാവര വസ്തു വസ്തുവിന്റെ നിലവിലുള്ള സ്ഥിതിയിൽ അതായത് **'എവിടെയാണോ, എങ്ങനെയാണോ, എന്തെക്കെയാണോ'** എന്ന അടിസ്ഥാനത്തിൽ **07-02-2024** -ാം തിയതി വിൽപന നടത്തുന്ന വിവരം വായ്പക്കാരേയും ജാമ്യക്കാരേയും പൊതുജനങ്ങളെയും ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

ക്രമ നമ്പർ	വായ്പക്കാരുടെ/ ജാമ്യക്കാരുടെ പേരും മേൽ വിലാസവും	ശാഖ, വായ്പ നമ്പർ, ബാക്കി നിൽപ് തുക (10 – 11 – 2023 – ൽ)	റിസർവ്വ് തുക	ഇ. എം. ഡി തുക	ഈട് വസ്തു സംബന്ധിച്ച വിവരങ്ങൾ
1	ശ്രീ. ബിജുമാത്യു എബ്രഹാം, നാനവീട്ടിൽ പുത്തൻപറമ്പിൽ, കോഴഞ്ചേരി ഈസ്റ്റ് പി.ഒ	കോഴഞ്ചേരി (118960356000049) Rs.55,48,146/-	Rs. 1,40,00,000/-	Rs. 14,00,000/-	പത്തനംതിട്ട ജില്ലയിൽ തിരുവല്ല താലൂക്കിൽ തിരുവല്ല വില്ലേജിൽ റീ സർവ്വേ നമ്പർ 217/7-1-1 ൽ ഉൾപ്പെട്ട 4.16 ആർസ് സ്ഥലവും അതിലുള്ള സകല വകകളും. വസ്തു ഉടമ: ബിജുമാത്യു എബ്രഹാം, നാനവീട്ടിൽ പുത്തൻപറമ്പിൽ,കോഴഞ്ചേരി ഈസ്റ്റ്.പി.ഒ- TP No.11045 , **അതിരുകൾ**: കിഴക്ക് - തോട്, തെക്ക്- തിരുവല്ല മുൻസിപൽ ബസ് സ്റ്റാന്റ്, പടിഞ്ഞാറ് - സണ്ണി എബ്രഹാം വക വസ്തു, വടക്ക് - വഴി
	ശ്രീ. മാത്യു എബ്രഹാം, നാനവീട്ടിൽ പുത്തൻപറമ്പിൽ,കോഴഞ്ചേരി ഈസ്റ്റ്.പി.ഒ	കോഴഞ്ചേരി (118960356000053) Rs.57,09,682/- (ആകെ – 1,12,57,828/-)			
2	ശ്രീ. ബൈജുമാത്യു, നാനവീട്ടിൽ പുത്തൻപറമ്പിൽ, കോഴഞ്ചേരി ഈസ്റ്റ്.പി.ഒ	കോഴഞ്ചേരി (118960356000025) Rs.41,65,282/-	Rs. 1,00,00,000/-	Rs. 10,00,000/-	പത്തനംതിട്ട ജില്ലയിൽ തിരുവല്ല താലൂക്കിൽ തിരുവല്ല വില്ലേജിൽ റീ സർവ്വേ നമ്പർ 217/35 ൽ ഉൾപ്പെട്ട 2.80 ആർസ് സ്ഥലവും അതിലുള്ള സകല വകകളും. വസ്തു ഉടമ: ബിജുമാത്യു എബ്രഹാം & അന്നമ്മ മാത്യു, നാനവീട്ടിൽ പുത്തൻപറമ്പിൽ, കോഴഞ്ചേരി ഈസ്റ്റ് പി.ഒ- TP No.11045 , **അതിരുകൾ**: കിഴക്ക് - തിരുവല്ല മുൻസിപ്പാലിറ്റി വക, തെക്ക്- സ്വകാര്യ വഴി, പടിഞ്ഞാറ് - തോമസ് എബ്രഹാം വക വസ്തു, വടക്ക് - പോളച്ചിറയിൽ വക വസ്തു
	ശ്രീമതി. അന്നമ്മ മാത്യു, നാനവീട്ടിൽ പുത്തൻപറമ്പിൽ,കോഴഞ്ചേരി ഈസ്റ്റ്.പി.ഒ	കോഴഞ്ചേരി (118960356000037) Rs.57,73,640/- (ആകെ – 99,38,922/-)			
3	ശ്രീ. രഞ്ജി തോമസ്, കല്ലൂരേത്ത് ഹൗസ്, പുത്തൻപീടിക, പത്തനംതിട്ട	പത്തനംതിട്ട (120660356001049) Rs.81,48,694/-	Rs. 82,00,000/-	Rs. 8,20,000/-	പത്തനംതിട്ട ജില്ലയിൽ കോന്നി താലൂക്കിൽ മൈലപ്ര വില്ലേജിൽ റീ സർവ്വേ നമ്പർ 454/2-1 ൽ ഉൾപ്പെട്ട 5.42 ആർസ് സ്ഥലവും അതിലുള്ള സകല വകകളും. വസ്തു ഉടമ: ശ്രീമതി.എലിസബത്ത് ജെയിംസ്, പാറക്കൽ ഹൗസ്, കുമരംപേരൂർ വടക്കേക്കര, പിറാൻ- TP No.6956 , **അതിരുകൾ**: കിഴക്ക് - ജോൺ റ്റി മാത്യു വക, തെക്ക്- ജോൺ റ്റി മാത്യു വക, പടിഞ്ഞാറ് - റോഡ്, വടക്ക് - ജോൺ റ്റി മാത്യു വക
4	ശ്രീമതി. ലൈലാ ബീവി, കരിമ്പനകുഴിത്തടത്തിൽ, കോട്ടാങ്ങൽ.പി.ഒ, മല്ലപ്പള്ളി	ചുങ്കപ്പാറ (117560356000117) Rs.7,50,192/-	Rs. 15,00,000/-	Rs. 1,50,000/-	പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളി താലൂക്കിൽ കോട്ടാങ്ങൽ വില്ലേജിൽ റീ സർവ്വേ നമ്പർ 102/10 ൽ ഉൾപ്പെട്ട 11.80 ആർസ് സ്ഥലവും അതിലുള്ള സകല വകകളും. വസ്തു ഉടമ: ശ്രീ.ഷാജി.കെ.എം,കരിമ്പനകുഴിത്തടത്തിൽ,കോട്ടാങ്ങൽ.പി.ഒ, മല്ലപ്പള്ളി- TP No.6327 , **അതിരുകൾ**: കിഴക്ക് - രാജേന്ദ്രൻ നായർ വക, തെക്ക്- മുഹമ്മദ്കുഞ്ഞ് വക,